**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1817** **11-10-2024 - ൽ മറുപടിയ്ക്ക്**

**പൂപ്പലത്ത് കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ ഊട്ടി റോഡിൽ മാധ്യമം ദിനപ്പത്രത്തിന്റെ റീജിണൽ ഓഫീസിന് മുൻവശത്ത് പൂപ്പലം എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന നാട്ടുകാരുടെ ദീർഘകാലത്തെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ ഊട്ടി റോഡിൽ മാധ്യമം ദിനപ്പത്രത്തിന്റെ റീജിണൽ ഓഫീസിന് മുൻവശത്ത് പൂപ്പലം എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു.നിയമസഭാ സാമാജികൻ മുഖേന 24.09.2024-ാം തീയതിയിൽ പെരിന്തൽമണ്ണ യൂണിറ്റിൽ അപേക്ഷ ലഭ്യമായിട്ടുണ്ട്. പ്രസ്തുത നിവേദനം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി യൂണിറ്റ് / മേഖലാതലത്തിൽ സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ ഊട്ടി റോഡിൽ മാധ്യമം ദിനപ്പത്രത്തിന്റെ റീജിണൽ ഓഫീസിന് മുൻവശത്ത് പൂപ്പലം എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു.നിയമസഭാ സാമാജികൻ മുഖേന 24.09.2024-ാം തീയതിയിൽ പെരിന്തൽമണ്ണ യൂണിറ്റിൽ അപേക്ഷ ലഭ്യമായിട്ടുണ്ട്. പ്രസ്തുത നിവേദനം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി യൂണിറ്റ് / മേഖലാതലത്തിൽ സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ